പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1562 21. 01. 2014- ലെ മറുപടിക്ക്

## നിതാഖത്ത് നിയമപ്രകാരം തിരിച്ചെത്തിയവരുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിതാഖത്ത് നിയമപ്രകാരം ഗൾഫ് നാട്ടുകളിൽ നിന്ന് എത്രപേർ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിൽ എത്തിച്ചേർന്നുവെന്ന് വ്യക്തമാക്കുമോ; | (എ) സൗദിയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തൊഴിൽ നിയമ ലംഘകർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി രാജ്യം വിടേണ്ടിവന്നിട്ടുള്ളവരുടെ കണക്ക് നോർക്ക വകുപ്പിൽ ലഭ്യമല്ല. നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് 01/04/2013 മുതൽ 31/12/2013 വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലും നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ഓൺലൈനിലൂടെയും ആകെ 20,835 പേർ സൗദി അറേബ്യയിൽ നിന്ന് മടങ്ങിയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇവർക്കായി എന്തെല്ലാം പുനരധിവാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ; | (ബി) ഇത്തരത്തിൽ തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശീവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായാൽ അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബാങ്ക് വായ്പകളിന്മേൽ പലിശ ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണ്.<br><br>1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം |

3. സ്വയം സംരംഭക സഹായ പദ്ധതി
4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
5. സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

ഇതിനുപുറമെ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന ഒരു പദ്ധതിക്ക് പിന്നാക്ക സമുദായ വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.

(സി) ആയതിലേയ്ക്കായി എന്തു തുക ചിലവഴിച്ചുവെന്നും എന്തു തുകയാണ് നടപ്പു സാമ്പത്തികവർഷം തന്നെ നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(സി) നടപ്പു സാമ്പത്തിക വർഷം 2.97 കോടി ഇതിനായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ സമഗ്രപുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചപ്പോൾ 10 കോടി രൂപ കൂടി ഈ വർഷം അധികമായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ തുക ബാങ്കുകൾ ലഭ്യമാക്കുന്ന വായ്പയ്ക്ക് മൂലധന സബ്സിഡി നൽകുന്നതിനാണ്. വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. അതിനാൽ തുക ഒന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ